# വിചിന്തനം

ആഗസ്റ്റ് 2025

# ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല.

(യോഹ 13,8)

എനിക്ക് അന്ന് ഏകദേശം ഒൻപതുവയസ്സായിരിക്കും. വലിയ കാറ്റും മഴയുമുള്ള ഒരു വൈകുന്നേരം. ജോലി കഴിഞ്ഞെത്തുന്ന അച്ഛൻ പുഴയുടെ അക്കരെ നിൽക്കുകയാണ്. ഞാൻ ഞങ്ങളുടെ ചെറിയ വള്ളത്തിൽ തുഴഞ്ഞെത്തിവേണം അച്ഛനെ ഇക്കരെയെത്തിക്കാൻ. ഒഴുക്കും കാറ്റും ഭീകരമായിരുന്നു. എങ്കിലും ഞാൻ വള്ളവുമായി പുഴയിലേക്കിറങ്ങി. ഭയമില്ലാഞ്ഞിട്ടല്ല, അക്കരെയാണെങ്കിലും അച്ഛൻ എന്നെ കാണുന്നുണ്ടെന്ന ചിന്ത എനിക്ക് വലിയ ആത്മവിശ്വാസം നൽകുന്നുണ്ടായിരുന്നു. യേശു ശിഷ്യൻമാരുടെ കാൽകഴുകിയ സംഭവം ധ്യാനിച്ചപ്പോഴാണ് വർഷങ്ങൾക്കുശേഷം എന്റെ വഞ്ചിയാത്ര ഓർമയിലേക്കുവന്നത്. പിതാവ് കാണുന്നുണ്ടെന്ന ഉറച്ച ബോധ്യത്താലാകണം ഇത്രയും വലിയ ഒരു എളിമയുടെ പ്രവൃത്തി ചെയ്യാനും എല്ലാറ്റിനുമുപരിയായി കുരിശുമരണം വരിക്കാനും യേശുവിനു സാധിച്ചത്.

സുവിശേഷത്തിലെ ഏറ്റവും സുന്ദരവും എന്നാൽ അതിശയിപ്പിക്കുന്നതുമായ സംഭവങ്ങളിലൊന്നാണ് യേശു തന്റെ ശിഷ്യരുടെ കാലുകൾ കഴുകുന്നത്. ദൈവമായിരുന്നിട്ടും അവൻ അടിമകളുടെ തലത്തിലുള്ള ഒരു കാര്യം ചെയ്യാൻ മാത്രം എളിമ കാണിക്കുന്നു. ഈ പ്രവൃത്തിയെ എളിമയുടെ ഉത്തമ പ്രതീകമായി നാം കാണുന്നുണ്ടെങ്കിലും ഇതിനെ അനുകരിക്കേണ്ട സമയം വരുമ്പോൾ നാം പരാജയപ്പെടുകയാണ്. നമ്മുടെ ക്ഷമയും സഹനശീലവും സേവനസന്നദ്ധതയുമെല്ലാം പലപ്പോഴും മടുപ്പിലും നിരാശയിലും സ്വാർത്ഥതയിലും അവസാനിക്കുകയാണ്.

അടിമകൾക്ക് സമാനമായ യേശുവിന്റെ ഈ പ്രവൃത്തി, മനുഷ്യകുലത്തോടുള്ള അഗാധ സ്നേഹം വെളിവാക്കുന്ന അവന്റെ കുരിശുമരണത്തിന്റെ പ്രവചനാത്മകമായ ചിത്രീകരണമായിരുന്നുവെന്നാണ് ബൈബിൾ പണ്ഡിതരുടെ അഭിപ്രായം. ഇതിന്റെ സന്ദേശം നാം സാധാരണ കാണുന്നതിനുമപ്പുറമാണ്. യേശു ചെയ്തതുപോലെ ചെയ്യുക എന്നതിനുപരി യേശുവിനെ അതു ചെയ്യാൻ പ്രാപ്തമാക്കിയ സ്നേഹത്തിലെത്തിച്ചേരാനാണ് കാൽകഴുകൽ ശുശ്രൂഷ നമ്മോടാവശ്യപ്പെടുന്നത്.

എങ്ങനെയാണ് യേശു ഇത്രയും ആഴമേറിയ സ്നേഹം സ്വന്തമാക്കിയത്? യോഹന്നാൻ വരച്ചുകാണിക്കുന്നതുപോലെ യേശു പിതാവുമായി അത്ര ആഴത്തിലുള്ള കൂട്ടായ്മയിലായിരുന്നു (യോഹ 1,18, 13,3). പിതാവിന്റെ സ്നേഹം നൽകിയ സുരക്ഷയിൽ, അവിടുന്ന് എല്ലാം തന്നെ ഏൽപിച്ചിരിക്കുകയാണെന്നും താൻ പിതാവിലേക്കു മടങ്ങുമെന്നുമുള്ള ഉറപ്പിൽ, മറ്റുള്ളവരുടെ പാദങ്ങൾ കഴുകാനും കുരിശിൽ മരിക്കാനും അവന്റെ മുന്നിൽ തടസ്സങ്ങളൊന്നുമില്ലാതായി. പിതാവുമായുള്ള അവന്റെ ഐക്യത്തെയും പിതാവിൽ അവൻ കണ്ടെത്തിയ സുരക്ഷയെയും വെല്ലാൻ അവന്റെ മുന്നിൽ ഒന്നുമുണ്ടായിരുന്നില്ല.

ഈ കൂട്ടായ്മയിലേക്കുതന്നെയാണ് യേശു നമ്മെ ക്ഷണിക്കുന്നത്. ''ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല.'' (യോഹ 13,8) എന്ന് പത്രോസിനോട് യേശു പറയുമ്പോൾ ഈ കൂട്ടായ്മ പങ്കുവയ്ക്കാനുള്ള അവന്റെ ആഴമേറിയ ആഗ്രഹമാണ് വെളിവാകുന്നത്. തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി (യോഹ 1,12).

യേശുവിന്റെ മരണത്തിലൂടെ നമുക്കായി നൽകപ്പെട്ട ഈ സൗഭാഗ്യം സ്വീകരിക്കണമെങ്കിൽ പത്രോസിനെപ്പോലെ കഴുകപ്പെടാൻ നാം തയാറാകണം. നമ്മുടെ ജീവിതത്തിലെ പാപപൂർണവും ലജ്ജാഭരിതവുമായ ഇടങ്ങളിലേക്ക് കുനിഞ്ഞിറങ്ങി, അവിടെ കഴുകി വൃത്തിയാക്കാൻ നാം യേശുവിനെ അനുവദിക്കണമെന്നല്ലേ ഇതിന്റെ അർഥം?

എന്നാൽ ഇത് അത്ര എളുപ്പമല്ല. യേശു നിറഞ്ഞ സ്നേഹത്തോടെ നമ്മുടെ മുന്നിൽ മുട്ടുകുത്തി പാദങ്ങൾ കഴുകാനൊരുങ്ങുമ്പോൾ, നമുക്ക് കൃത്യമായി അറിയാം നമ്മുടെ പാദങ്ങൾ എത്ര മലിനമാണെന്ന്! അത് നമ്മിൽ ഒരു വല്ലായ്മയും ലജ്ജയും നിറയ്ക്കും. അവൻ മുൻകൂട്ടി അറിയിച്ചിരുന്നെങ്കിൽ നാം തയാറെടുത്തുവരുമായിരുന്നു. എന്നാൽ യേശുവിന്റെ മൃദുവും ദൃഢവുമായ നോട്ടം നമ്മുടെ ലജ്ജയെയും ഭയങ്ങളെയും മറികടക്കാൻ നമ്മെ ശക്തിപ്പെടുത്തും. നമ്മുടെ ഒരു മൗനസമ്മതം പോലും മതിയാകും ദൈവസ്നേഹത്തിന് നമ്മുടെ ആത്മാവിലെ മാലിന്യം കഴുകിക്കളയാൻ. അവന്റെ കരുണയുടെ തെളിനീർ നമ്മുടെ ഉൾത്തടം കഴുകുമ്പോൾ നമ്മുടെ ആത്മാവിൽനിന്ന് മാനസാന്തരത്തിന്റെ കണ്ണുനീർ ഒഴുകും. യേശു പറയുന്ന പിതാവുമായുള്ള ആഴമേറിയ കൂട്ടായ്മയിൽ പങ്കുചേരാനുള്ള യഥാർത്ഥ മാർഗവും ഇതുതന്നെയല്ലേ?

ജീസസ് യൂത്ത് എന്ന നിലയിലുള്ള നമ്മുടെ മിഷനറി ജീവിതത്തിലും ഈ സത്യം ബാധകമാണ്. ആത്മാക്കൾക്കുവേണ്ടിയുള്ള നമ്മുടെ ദാഹം കുറഞ്ഞുപോകുന്നുണ്ടോ ? ഒരു മൈൽ നടക്കാൻ ആവശ്യപ്പെടുന്നവനോടൊപ്പം രണ്ടുമൈൽ നടക്കാൻപാകത്തിന് നമ്മിൽ ഉദാരതയുണ്ടോ? ഇതെല്ലാം നമ്മിലെ സ്നേഹക്കുറവിനെയാണു കാണിക്കുന്നത്. പിതാവുമായുള്ള കൂട്ടായ്മയുടെ ആനന്ദം അനുഭവിക്കുമ്പോൾ നമ്മെ സംബന്ധിച്ച് മറ്റെല്ലാം നിഷ്പ്രഭമാകും. അപ്പോൾ ഉറച്ച ആത്മവിശ്വാസത്തോടെയും ആവേശത്തോടെയും നമ്മുടെ അഹത്തെ ഇല്ലായ്മ ചെയ്യാൻ നമുക്കുകഴിയും. മറ്റുള്ളവർക്കായി അധികമൈൽ നടക്കാനും വേണ്ടിവന്നാൽ ഈ ജീവൻതന്നെ സമർപ്പിക്കാനും നാം പ്രാപ്തരാകും. കാരണം നമുക്ക് സ്വന്തമാകുന്നത് പിതാവിന്റെ ഭവനത്തിൽ നമുക്കായി കാത്തുവച്ചിരിക്കുന്ന ഓഹരിയാണല്ലോ!

മാത്യു ജേക്കബ്

*ഷിക്കാഗോയിലെ സെന്റ് തോമസ് സീറോമലബാർ രൂപതാംഗമായ മാത്യു, ജീസസ് യൂത്ത് മുന്നേറ്റത്തിനായി ഫ്ളോറിഡയിലുള്ള സെന്റ് വിൻസെന്റ് ഡി പോൾ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ മൂന്നാം വർഷ പഠനം പൂർത്തിയാക്കി, ഡീക്കൻ പട്ടത്തിനൊരുങ്ങുന്നു.*